നമ്പർ: സി- 6412/2024

## ഒത്തുതീർപ്പ് മെമ്മോറാണ്ടം

### ഹാജരായവർ

I) **തൊഴിലുടമ പ്രതിനിധികൾ**

1.ശ്രീ.റോയി ജോസഫ് ,പ്രസിഡന്റ്, AKPCA ചങ്ങനാശ്ശേരി

2. ശ്രീ.നെജിമോൻ, ഏരിയ സെക്രട്ടറി, ലെൻസ്ഫെഡ്, ചങ്ങനാശ്ശേരി

3.ശ്രീ.ബേബി ജോൺ, ചെയമാൻ, ബിൽഡിംങ് അസോസിയേഷൻ ഓഫ് ഇൻഡ്യ, ചങ്ങനാശ്ശേരി സെന്റർ

4.ശ്രീ.രാജേന്ദ്ര കുമാർ പി.ബി, ജില്ലാ പ്രസിഡന്റ്, PBCA

5.സജി സെബാസ്റ്റ്യൻ കെ, ലെൻസ്ഫെഡ്

6.ശ്രീ.അനിൽകുമാർ കെ.കെ, ലെൻസ്ഫെഡ്

7.ശ്രീ.ഷാജി ജോസഫ്, കേരള ഗവ.കോൺട്രാക്ടേഴ്സ് അസോസിയേഷൻ

8.ശ്രീ.ബിനു കെ, ജില്ലാ സെക്രട്ടറി, PBCA

II) **തൊഴിലാളി പ്രതിനിധികൾ**

9. ശ്രീ.പി.ആർ രാജീവ്, BMS

10. ശ്രീ.എം.ജി ശേഖരൻ AITUC

11. ശ്രീ .അജയ് കെ .ആർ CITU

12. ശ്രീ.ആർ. എസ് സതീഷൻ, CITU

13. ശ്രീ .ഫിലിപ്പ് ജോസഫ് INTUC.

14. ശ്രീ.ബാബു കെ ജോർജ്, AITUC

15 .ശ്രീ.ജോസുകുട്ടി പൂവേലിൽ KTUC (M)

## തൊഴിൽ തർക്ക സംഗ്രഹം

കോട്ടയം ജില്ലയിലെ നിർമ്മാണ മേഖലയിലുള്ള കയറ്റിറക്ക് കൂലിയുടെ കാലാവധി അവസാനിച്ചതിനാൽ ആയത് പുതുക്കി നിശ്ചയിക്കുന്നത് സംബന്ധിച്ച് വിവിധ യൂണിയനുകൾ സമർപ്പിച്ച പരാതിയിൻമേൽ 24/7/2024, 16/8/2024, 18/10/2024, 26/11/2024, 10/12/2024, 27/1/2025, 18/3/2025, എന്നീ തീയതികളിൽ കോട്ടയം ജില്ലാ ലേബർ ഓഫീസർ ബന്ധപ്പെട്ട കക്ഷികളുമായി അനുരഞ്ജന ചർച്ച നടത്തുകയുണ്ടായി. **18/3/2025** തീയതിയിൽ നടന്ന ചർച്ചയിൽ താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി തർക്കം ഒത്തുതീർപ്പിലെത്തിയിട്ടുള്ളതുമാണ്.

## ഒത്തുതീർപ്പു വ്യവസ്ഥകൾ

I. കോട്ടയം ജില്ലാ ലേബർ ഓഫീസറുടെ 26/10/2020 തീയതിയിലെ **C-659/2020** നമ്പർ ഒത്തുതീർപ്പ് കരാർ പ്രകാരം നിശ്ചയിച്ചിട്ടുള്ള കയറ്റിറക്ക് കൂലിയിൽ പ്രസ്തുത കരാറിൽ അനുബന്ധമായി ചേർത്തിരിക്കുന്ന ലിസ്റ്റ് പ്രകാരമുള്ള വസ്തുക്കളുടെ **31/3/2024-** )0 തീയതി നിലവിലുള്ള കയറ്റിറക്ക് കൂലിയിൽ നിന്നും **12.5 ശതമാനം (പന്ത്രണ്ടരശതമാനം)** വർദ്ധിപ്പിക്കുവാനും കൂടാതെ മുൻവർഷത്തെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത **6'x4'** ടൈൽസ് ഒരു ടൈലിന്റെ ബോക്സ് ഒന്നിന് രൂപ **67.50/-(അറുപത്തിയേഴ് രൂപ അൻപത്** പൈസ) പൈസയും, **8'x4'** ടൈൽസ് ഒരു ടൈലിന്റെ ബോക്സ് ഒന്നിന് **84/-(എൺപത്തിനാല് രൂപ**) രൂപ കൂലിയായി നിശ്ചയിക്കാനും നിലവിലുള്ള വസ്തുക്കളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തുവാനും ഇരുകക്ഷികളും തീരുമാനിച്ചു.

2. ടി കരാറിന്റെ കാലാവധി **1/4/2024** മുതൽ **31/3/2026** വരെ രണ്ട് വർഷമായിരിക്കും.

3. 31/3/2024 ൽ നിലവിലുള്ള കരാറിൽ പ്രതിപാതിച്ചിട്ടുള്ള മറ്റു അനുബന്ധ വ്യവസ്ഥകൾ മാറ്റമില്ലാതെ തുടരുന്നതാണ്.

4. ഉഭയ സമ്മതപ്രകാരം നിശ്ചയിച്ച മേൽ വ്യവസ്ഥകൾ ഇരു കക്ഷികളും അംഗീകരിച്ചത് പ്രകാരം താഴെ ഒപ്പിട്ട് തർക്കം രമ്യമായി പരിഹരിച്ചു.

ഇന്നേ ദിവസം 2025 മാർച്ച് മാസം 18-)ം തീയതി

**കക്ഷികളുടെ ഒപ്പ്:**

ഒന്നു മുതൽ പതിനഞ്ച് വരെ കക്ഷികൾ ഒപ്പ്

ജില്ലാ ലേബർ ഓഫീസറുടെ കാര്യാലയം
കോട്ടയം

(ഒപ്പ്)
ശ്രീ.മിനോയ് ജെയിംസ്
ജില്ലാ ലേബർ ഓഫീസർ, കോട്ടയം
(കൺസീലിയേഷൻ ഓഫീസർ),

// ശരിപ്പകർപ്പ് //

ജില്ലാ ലേബർ ഓഫീസർ, കോട്ടയം

# വ്യവസ്ഥകൾ

1. മേൽ നിശ്ചയിച്ച കൂലി നിരക്കുകൾ 01.04.2024 മുതൽ 31.03.2026 വരെ ബാധ കമായിരിക്കുന്നതാണ്.

2. കേരള ചുമട്ടു തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരമുള്ള 27% ലെവി അടക്ക മുള്ളതാണ് മേൽ കൂലി നിരക്കുകൾ.

3. തൊഴിലാളികൾ വാങ്ങുന്ന കൂലിക്ക് രസീത് നൽകേണ്ടതാണ്. കേരള ചുമട്ടു തൊഴിലാളി പദ്ധതി പ്രദേശത്തുള്ള കയറ്റിറക്ക് ജോലികൾക്ക് വർക്ക് കാർഡ് നൽകേണ്ടതാണ്.

4. നാഷണൽ/ഫെസ്റ്റിവെൽ ഹോളിഡെയ്സ് ആയ ക്രിസ്തുമസ്സ്, റംസാൻ, ജനുവരി 26, ദുഃഖവെള്ളിയാഴ്ച, ആഗസ്റ്റ് 15, തിരുവോണം, മെയ്ദിനം, ബക്രീദ്, വിഷു എന്നീ 9 ദിവസങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ഒന്നര കൂലി കൊടുക്കുന്ന താണ്. ജോലിസമയം രാവിലെ 7 മുതൽ വൈകിട്ട് 7 മണി വരെയുള്ളതിന് ഒരു കൂലിയും രാത്രി 7ന് ശേഷം രാവിലെ 7 വരെയുള്ള ജോലിക്ക് ഒന്നരക്കൂലിയും നൽകു ന്നതാണ്.

5. ഏതെങ്കിലും കാരണവശാൽ ലോറിയിൽ കൊണ്ടുവരുന്ന സാധനങ്ങൾ ഒരു വശത്തു കൂടി മാത്രം ഇറക്കേണ്ടി വരികയാണെങ്കിൽ സാധാരണ കൂലിക്കു പുറമേ 10 ശതമാനം കൂടുതലായി കൊടുക്കേണ്ടതാണ്.

6. ഒരു ജോലി സ്ഥലത്തുനിന്നും കോൺട്രാക്ടറുടെ സ്റ്റോറിലേയ്ക്കോ പണി സ്ഥലത്തേക്കോ കൊണ്ടു പോകുന്ന പഴയ സാമഗ്രികൾ (വാർക്കപ്പലക, മുള, മുട്ട്, ടെമ്പററി ഷെഡിന്റെ സാമഗ്രികൾ, ജാക്കി, സ്പാൻ, പ്ലേറ്റ് മുതലായവ) കോൺട്രാ ക്ടറുടെ സ്വന്തം തൊഴിലാളികളെക്കൊണ്ട് കയറ്റുന്നതിനും ഇറക്കുന്നതിനും കോൺട്രാ ക്ടർക്ക് അവകാശമുണ്ടായിരിക്കുന്നതാണ്.

7. യാതൊരു കാരണവശാലും തൊഴിലാളികളുടെ തടസ്സം കൊണ്ട് ലോറി താമസിപ്പി ക്കാൻ പാടുള്ളതല്ല. ലോഡിംഗ് & അൺ ലോഡിംഗ് സംബന്ധിച്ച തർക്കം ഉണ്ടായാല് ലോഡ് ഇറക്കി കഴിഞ്ഞതിനുശേഷം തൊഴിൽ ഉടമയും യൂണിയന് പ്രതിനിധികളും ചർച്ച ചെയ്ത് തർക്കം പരിഹരിക്കേണ്ടതാണ്.

8. മുകളിൽ നിശ്ചയിച്ചിട്ടുള്ള സേവന വേതന വ്യവസ്ഥകൾ കോട്ടയം ജില്ലയിൽ മുഴുവൻ ബാധകമായിരിക്കുന്നതാണ്.

9. ഈ ലിസ്റ്റിൽ ഉൾപ്പെടാത്ത ഏതെങ്കിലും സാധനങ്ങൾ കയറ്റിറക്കുന്ന കൂലി സംബ ന്ധിച്ച തർക്കം കൺസ്ട്രക്ഷൻ സൈറ്റിൽ ഉണ്ടായാൽ മേൽ വിഷയം തർക്ക പരിഹാര കമ്മിറ്റി മുമ്പാകെ ഉന്നയിക്കേണ്ടതും, ആയതിന്മേൽ ചർച്ച നടത്തി ടി കമ്മറ്റി എടുക്കുന്ന തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

10. നിർമ്മാണാവശ്യങ്ങൾക്ക് സൈറ്റുകളിൽ വരുന്ന സാധനസാമഗ്രികൾ കണ്ടെയ്നർ/ ടോറസ് ഉൾപ്പെടെയുള്ള ഹെവി വാഹനങ്ങളിൽ വരുന്നത് ഈ ഒത്തുതീർപ്പിൽ ഒപ്പു വച്ച കക്ഷികൾ പ്രതിനിധാനം ചെയ്യുന്ന സംഘടനകളിലെ തൊഴിലാളികൾക്ക് മാത്രം അവകാശപ്പെട്ടിട്ടുള്ളതാണ്.

11. കേരള ചുമട്ടു തൊഴിലാളി ക്ഷേമ പദ്ധതിയുടെ പരിധിയിൽ വരുന്ന കയറ്റിറക്ക് ജോലികൾക്ക് വർക്ക് കാർഡ് വഴിയല്ലാതെ നേരിട്ട് കൂലി നൽകുന്ന രജിസ്റ്റേഡ് തൊഴിലുടമകളുടെ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതും അവരവരുടെ കയറ്റിയിറക്ക് ജോലികൾ നിർത്തലാക്കുന്നതുമാണ്. വർക്കുകാർഡ് വഴിയല്ലാതെ നേരിട്ടു കൂലി കൈപ്പറ്റുന്ന തൊഴിലാളിക്കെതിരെ ശക്തമായ നടപടി സ്വീകരിക്കേണ്ടതാണ്.

12. തൊഴിലാളികൾ ജോലി സമയത്ത് മദ്യപിക്കുവാൻ പാടില്ല.

13. തൊഴിലാളികളുടെ ഭാഗത്ത് നിന്നും തൊഴിലുടമകൾക്ക് ഏതെങ്കിലും വിധത്തിലുള്ള തൊഴിൽ തടസ്സം, സാധനങ്ങൾ മനഃപൂർവ്വമായി നശിപ്പിക്കുന്നതിലൂടെ ഉണ്ടാകുന്ന സാമ്പത്തിക നഷ്ടം എന്നിവയുണ്ടായാൽ ടി തൊഴിലാളിക്കെതിരായി നടപടി സ്വീകരിക്കുന്നതും തൊഴിലുടമയ്ക്ക് ഉണ്ടായിട്ടുള്ള നഷ്ടം പ്രസ്തുത തൊഴിലാളിയിൽ നിന്നും ഈടാക്കുന്നതുമാണ്.

14. ചെയ്യുന്ന ജോലിക്കുള്ള കൂലി ഒഴികെ മറ്റു യാതൊരുവിധ പണപ്പിരിവും നടത്തുവാൻ തൊഴിലാളിക്ക് അവകാശമുണ്ടായിരിക്കുന്നതല്ല.

15. കേരള ചുമട്ടു തൊഴിലാളി ക്ഷേമ പദ്ധതിയുടെ പ്രവർത്തന പരിധിക്കുള്ളിൽ കേരളചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിന്റെ നിർദ്ദേശങ്ങൾക്കും തീരുമാനങ്ങൾക്കും വിരുദ്ധമായി പ്രവർത്തിക്കുന്ന തൊഴിലുടമകൾക്കും തൊഴിലാളികൾക്കുമെതിരായി നിയമാനുസൃതമായ നടപടി സ്വീകരിക്കുന്നതിന് ബോർഡിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

16. യന്ത്രസഹായം കൊണ്ട് മാത്രം ചെയ്യാവുന്ന കയറ്റിറക്ക് പ്രവൃത്തികളുൽ തൊഴിലാളികൾ അവകാശം ഉന്നയിക്കുവാനോ കൂലി ആവശ്യപ്പെടുവാനോ പാടുള്ളതല്ല. 1978-ലെ കേരള ചുമട്ടുതൊഴിലാളി നിയമം വകുപ്പ് 2(എം) അനുശാസിക്കുന്ന പ്രവൃത്തികളിൽ മാത്രമേ കയറ്റിറക്ക് തൊഴിലാളികൾക്ക് അവകാശം ഉണ്ടായിരിക്കുകയുള്ളൂ.

17. .ചെയ്യാത്ത ജോലിക്ക് കൂലി ആവശ്യപ്പെടുന്നതും ജോലി ചെയ്യാത്തവർക്ക് കൂലി നൽകുന്നതും കുറ്റകരമാണ്. ചെയ്തു തീർത്ത് ജോലിക്ക് കൂലി നൽകുമ്പോൾ രസീത് ആവശ്യപ്പെടേണ്ടതും ലഭിച്ച കൂലിക്ക് രസീത് നൽകാൻ തൊഴിലാളിക്ക് ബാധ്യതയുള്ളതുമാണ്. പദ്ധതി പ്രദേശത്ത് ബോർഡിന്റെ അംഗീകൃത വർക്ക് ഓർഡർ ഫോറമാണ് രസീതായി നൽകേണ്ടത്. പ്രസ്തുത ഫോറത്തിൽ പൂൾ ലീഡറും ജോലി ചെയ്യിപ്പിച്ച ആളും ഒപ്പിടേണ്ടതാണ്.

1978-ലെ
18. കൂലി നിരക്കും ഇതര വ്യവസ്ഥകളും സംബന്ധിച്ച് തർക്കങ്ങൾ ഉണ്ടായാൽ ബന്ധപ്പെട്ട തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥൻ കേരള ചുമട്ടു തൊഴിലാളി നിയമപ്രകാരം തർക്കം മൂലം കയറ്റിറക്കു മുമ്പാകെ പരാതി ഉന്നയിച്ച് പരിഹാരം കാണേണ്ടതാണ്. ജില്ലാ ജോലികൾ തടസ്സപ്പെടുത്തുവാൻ പാടുള്ളതല്ല. പരാതി പരിഹാരത്തിനായി തൊഴിലുടമാ പ്രതി ലേബർഓഫീസർ, ചുമട്ടുതൊഴിലാളി ക്ഷേമബോർഡ് ചെയർമാൻ, പ്രശ്നപരിഹാര നിധികൾ, ട്രേഡ് യൂണിയൻ പ്രതിനിധികൾ എന്നിവരുൾപ്പെടുന്ന സെൽ രൂപീകരിക്കും.

19. അംഗീകൃത കൂലി നിരക്കിൽ കൂടുതൽ വാങ്ങുകയോ അപമര്യാദയായി പെരുമാറു കയോ ചെയ്താൽ കർശനമായ ശിക്ഷാനടപടികൾ കൈക്കൊള്ളുന്നതാണ്.

20. 1981 ലെ കേരള ചുമട്ടു തൊഴിലാളി ചട്ടങ്ങളിലെ ചട്ടം 26(എ) പ്രകാരമുള്ള തിരിച്ചറിയൽ കാർഡ് ലഭിച്ചിട്ടുള്ള തൊഴിലാളികൾക്കു മാത്രമായിരിക്കും കയറ്റിറക്കു ജോലി ചെയ്യാനുള്ള അവകാശം.

21. 15 മീറ്റർ (50 അടി) വരെ ദൂരത്തിന്മേൽ സാധനം എത്തിക്കുന്നതിനാണ് ഈ നിരക്കുകൾ. കൂടുതലായി വരുന്ന ഓരോ 15 മീറ്റർ ദൂരത്തിനും 20% അധിക കൂലി നൽകണം. ലിഫ്റ്റിന്റെ സഹായമില്ലാത്ത മുകൾനിലയിലേക്ക് വസ്തുതകള് എത്തിക്കുന്നതിന് മൂന്നാം നിലവരെ 20% നാലാം നില മുതൽ മുകളിലേക്ക് 35% അധിക കൂലി നൽകണം.

22. പ്രത്യേക നിരക്കുകൾ നിശ്ചയിച്ചിട്ടില്ലാത്ത ഇനങ്ങള് ഒഴികെ മറ്റെല്ലാ ഇനങ്ങൾക്കും കയറ്റ് / ഇറക്ക് എന്നിവക്ക് ഒരേ കൂലി തന്നെയാണ് നൽകേണ്ടത്.

23. ഈ രംഗത്തെ തൊഴിൽ തർക്കങ്ങൾ ചർച്ച ചെയ്തു പരിഹരിക്കുന്നതിനും പുതിയ ഇനങ്ങൾ ഈ പട്ടികയിൽ കൂട്ടിചേർക്കുന്നതിനും കൺവീനറായി കോട്ടയം ജില്ലാ ലേബർ ഓഫീസറും, ചുമട്ടുതൊഴിലാളി ക്ഷേമബോർഡ് കോട്ടയം ജില്ലാ കമ്മിറ്റി ചെയർമാനും, ചുമട്ടുതൊഴിലാളി ക്ഷേമബോർഡ് കോട്ടയം ജില്ലാ സെക്രട്ടറിയായ കോട്ടയം ഡെപ്യൂട്ടി ലേബർ ഓഫീസറും, തൊഴിലുടമ സംഘടനകളുടെ 5 പ്രതിനിധി കളും, തൊഴിലാളി സംഘടനകളുടെ 5 പ്രതിനിധികളും അടക്കം 10 അംഗ കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചു. മേൽ കമ്മിറ്റിയിലെ അംഗങ്ങളായിട്ട് നോമിനേറ്റ് ചെയ്യ പ്പെട്ടിട്ടുള്ളവർ താഴെ പറയുന്നവരാണ്.

**<u>കമ്മറ്റിയംഗങ്ങൾ</u>**

1. ജില്ലാ ലേബർ ഓഫീസർ, കോട്ടയം
2. ചെയർമാൻ, കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ്,കോട്ടയം.
3. ഡെപ്യൂട്ടി ലേബർ ഓഫീസര്, സെക്രട്ടറി, കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡ്, കോട്ടയം.

**തൊഴിലുടമാ പ്രതിനിധികൾ**

4. ശ്രീ.റോയി ജോസഫ്, പ്രസിഡന്റ് (AKPCA) ചങ്ങനാശ്ശേരി
5. ശ്രീ. നെജിമോൻ, ഏരിയ സെക്രട്ടറി., ലെൻസ്ഫെഡ്, ചങ്ങനാശ്ശേരി.
6. ശ്രീ. ബേബി ജോൺ, ചെയർമാൻ, ബിൽഡിംഗ് അസോസിയേഷൻ ഇൻഡ്യ, ചങ്ങനാശ്ശേരി സെന്റർ.
7. ശ്രീ. രാജേന്ദ്രകുമാർ. പി.ബി, ജില്ലാ പ്രസിഡന്റ്, PBCA
8. ശ്രീ. ഷാജി ജോസഫ്, കേരള ഗവൺമെന്റ് കോൺട്രാക്ടേഴ്സ് അസോസിയേഷൻ.

**തൊഴിലാളി പ്രതിനിധികൾ**

12 ജനറൽ സെക്രട്ടറി, ഹെഡ് ലോഡ് & ജനറൽ മസ്ദൂർ സംഘ് (BMS), BMS ഓഫീസ്, T.B. ജംഗ്ഷൻ, ML റോഡ്, കോട്ടയം-39-.
13 ജനറൽ സെക്രട്ടറി, കോട്ടയം ജില്ലാ ഹെഡ് ലോഡ് & ജനറൽ വർക്കേഴ്സ് അസോസിയേഷൻ (CITU), കോട്ടയം.
14 ജനറൽ സെക്രട്ടറി, കോട്ടയം താലൂക്ക് ഹെഡ് ലോഡ് & ജനറൽ വർക്കേഴ്സ് യൂണിയൻ (AITUC), പാലസ് റോഡ്, കോട്ടയം.
15 ജനറൽ സെക്രട്ടറി, കോട്ടയം ജില്ലാ ഹെഡ് ലോഡ് & ജനറൽ വർക്കേഴ്സ് യൂണിയൻ (INTUC), കോട്ടയം.
16 സെക്രട്ടറി, KTUC (M), വയസ്ക്കരക്കുന്ന്, കോട്ടയം.

ജില്ലാ ലേബർ ഓഫീസറുടെ കാര്യാലയം, കോട്ടയം

ജില്ലാ ലേബർ ഓഫീസർ,
കോട്ടയം.

**പകർപ്പ്.**

1) ചെയർമാൻ, കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡ്, കോട്ടയം.

2) സെക്രട്ടറി, ഗവൺമെന്റ് കോൺട്രാക്ടേഴ്സ് അസോസിയേഷൻ, കോട്ടയം.

3) പ്രസിഡന്റ്, കേരള പ്രൈവറ്റ് ബിൽഡിംഗ് കോൺട്രാക്ടേഴ്സ് അസോസിയേഷൻ, 2nd Floor, പെരുമ്പായിൽ J&B പ്ലാസാ, കുരിശുംമൂട്, ചങ്ങനാശ്ശേരി.

4) ശ്രീ. മാത്യു ജോൺസൺ, ചെയർമാൻ, ബിൽഡേഴ്സ് അസോസിയേഷൻ ഓഫ് ഇന്ത്യ, ചങ്ങനാശ്ശേരി സെന്റർ, സെന്റ്മേരീസ് ബിൽഡിംഗ്, പാലസ് റോഡ്, ചങ്ങനാശ്ശേരി.

5) ശ്രീ. അലക്സ് പെരുമാലിൽ, വൈസ് പ്രസിഡന്റ്, സതേൺ റെയിൽവേ കോൺട്രാക്ടേഴ്സ് ഓർഗനൈസേഷൻ, പെരുമാലിൽ ഹൗസ്, തലയോലപറമ്പ് പി.ഒ., കോട്ടയം.

6) ശ്രീ. മാർട്ടിൻ.എം.എസ്, പ്രസിഡന്റ്, കേരള പ്രൈവറ്റ് ബിൽഡിംഗ് കോൺട്രാക്ടേഴ്സ് അസോസിയേഷൻ.

7) ശ്രീ. എം.എസ്.ഷാജി, സെക്രട്ടറി, പ്രൈവറ്റ് ബിൽഡിംഗ് കോൺട്രാക്ടേഴ്സ്.

8) ജനറൽ സെക്രട്ടറി, ഹെഡ് ലോഡ് & ജനറൽ മസ്ദൂർ സംഘ് (BMS), BMS ഓഫീസ്, T.B. ജംഗ്ഷൻ, ML റോഡ്, കോട്ടയം-39-.

9) ജനറൽ സെക്രട്ടറി, കോട്ടയം ജില്ലാ ഹെഡ് ലോഡ് & ജനറൽ വർക്കേഴ്സ് അസോസിയേഷൻ (CITU), കോട്ടയം.

10) ജനറൽ സെക്രട്ടറി, കോട്ടയം താലൂക്ക് ഹെഡ് ലോഡ് & ജനറൽ വർക്കേഴ്സ് യൂണിയൻ (AITUC), പാലസ് റോഡ്, കോട്ടയം.

11) ജനറൽ സെക്രട്ടറി, കോട്ടയം ജില്ലാ ഹെഡ് ലോഡ് & ജനറൽ വർക്കേഴ്സ് യൂണിയൻ (INTUC), കോട്ടയം.

12) സെക്രട്ടറി, KTUC (M), വയസ്ക്കരക്കുന്ന്, കോട്ടയം.

13) സെക്രട്ടറി, യു.ടി.യു.സി., സെൻട്രൽ ടെലിഗ്രാഫ് ഓഫീസിന് എതിർവശം, പുളിമൂട് ജംഗ്ഷൻ, കോട്ടയം.

14) സെക്രട്ടറി, AIUTUC, പഴയ ബോട്ട് ജെട്ടി റോഡ്, റൂം നമ്പർ-50, മുനിസിപ്പൽ കോംപ്ലക്സ്, കോട്ടയം.

15) ജില്ലാ ലേബർ ഓഫീസർ (ഇ), കോട്ടയം.

16) ഡെപ്യൂട്ടി ലേബർ ഓഫീസർ, കോട്ടയം.

17) കോട്ടയം ജില്ലയിലെ എല്ലാ അസിസ്റ്റൻറ് ലേബർ ഓഫീസർമാർക്കും

18) ഡെപ്യൂട്ടി ലേബർ കമ്മീഷണർ, കോട്ടയം. (ആമുഖ കത്ത് സഹിതം)

19) റീജിയണൽ ജോയിൻറ് ലേബർ കമ്മീഷണർ, എറണാകുളം (ആമുഖ കത്ത് സഹിതം)

20) ലേബർ കമ്മീഷണർ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

| നം | ഇനം | കയറ്റിറക്ക് കൂലി (രൂപ) |
|---|---|---|
| 1 | ഇഷ്ടിക വലുത് (21 സെ.മി മുതൽ 23 സെ.മി വരെ നീളം, 7.6 സെ.മി കനം) 100ന് | 41.18 |
| 2 | ഇഷ്ടിക ചെറുത് (21 സെ.മി താഴെ) 100ന് | 32.94 |
| 3 | വയർ കട്ട വലുത് (21 സെ.മി മുതൽ 23 സെ.മി വരെ നീളം, 7.6 സെ.മി കനം) 100ന് | 43.67 |
| 4 | ഹോളോ ബ്രിക്സ് - 8ഇഞ്ച് - 100ന് | 494.10 |
| 5 | ഹോളോ ബ്രിക്സ് - 6ഇഞ്ച് - 100ന് | 362.34 |
| 6 | ഹോളോ ബ്രിക്സ് - 4 ഇഞ്ച് -100ന് | 247.05 |
| 7 | ചെങ്കല്ല് ഒന്നിന് (ഇറക്കുന്നതിന് മാത്രം) | 4.12 |
| 8 | മണ്ണ്, മണൽ- ലോഡ് ഒന്നിന് | 345.87 |
| 9 | മെറ്റൽ പൊടി | 345.87 |
| 10 | ഗ്രാവൽ | 372.20 |
| 11 | മണ്ണ്, മണൽ- കുത്തളവ് | 395.28 |
| 12 | മെറ്റൽ പൊടി - കുത്തളവ് | 395.28 |
| 13 | ഗ്രാവൽ - കുത്തളവ്(ഉടമ ഒരാളെ കൊടുക്കാതിരുന്നാൽ) | 395.28 |
| 14 | ഗ്രാവൽ - പൊക്ലീൻ ലോഡ് (ഉടമ ഒരാളെ കൊടുക്കാതിരുന്നാൽ) | 428.22 |
| 15 | 3/4 ഇഞ്ച് മെറ്റൽ, 3/8 മെറ്റൽ ലോഡിന് | 370.58 |
| 16 | 1 1/2 ഇഞ്ച് മെറ്റൽ ലോഡിന് | 395.28 |
| 17 | സോളിംഗ് - 3 ഇഞ്ച് മുതൽ 8 ഇഞ്ച് വരെ | 518.81 |
| 18 | സിമന്റ് കട്ട (സോളിഡ് ബ്ലോക്ക്) 4ഇഞ്ച് - 100ന് 12"x8"x4" | 244.69 |
| 19 | സിമന്റ് കട്ട (സോളിഡ് ബ്ലോക്ക്) 6ഇഞ്ച് - 100ന് 12"x8"x6" | 354.38 |
| 20 | സിമന്റ് കട്ട (സോളിഡ് ബ്ലോക്ക്) 8 ഇഞ്ച് - 100ന് 12"x8"x8" | 447.19 |
| 21 | ലോക്ക് കട്ട വലുത് (10 1/2 x8x5 ഇഞ്ച്) 1ന് | 3.78 |

| | | |
|---|---|---|
| 22 | ലോക്ക് കട്ട ചെറുത് (10 1/2x6x5 ഇഞ്ച്) 1ന് | 2.77 |
| 23 | ലോക്ക് കട്ട ചെറുത് (10 1/2x4x5 ഇഞ്ച്) 1ന് | 2.19 |
| 24 | കോൺക്രീറ്റ് ടൈൽസ് വലുത് (5 കി.ഗ്രാം)1ന് | 1.76 |
| 25 | കോൺക്രീറ്റ് ടൈൽസ് ചെറുത് (4 കി.ഗ്രാം)1 ന് | 1.35 |
| 26 | മേച്ചിൽ ഓട്, തറ ഓട് 1000ന് വലുത് | 675.00 |
| 27 | മേച്ചിൽ ഓട്, തറ ഓട് 1000ന് ചെറുത് | 560.25 |
| 28 | ഡിസൈൻഡ് ഓട് -1000ന് | 560.25 |
| 29 | സാധാരണ ഓട് -1000ന് | 560.25 |
| 30 | കമ്പി ഇറക്ക് കൂലി - 1 ടൺ | 418.50 |
| 31 | കമ്പി കയറ്റ് കൂലി - 1 ടൺ | 523.13 |
| 32 | സിമന്റ് ചാക്ക് / പായക്കറ്റ് - 1ന് ലോറിയിൽ കയറ്റി അട്ടിവെയ്ക്കുന്നതിന് (ഗോഡൌണിൽ നിന്നും 12 മീ. അകലം) | 13.50 |
| 33 | സിമന്റ് ചാക്ക് / പായക്കറ്റ് - 1ന് ലോറിയിൽ നിന്നും ഇറക്കി സ്റ്റോറിൽ അട്ടിവെയ്ക്കുന്നതിന് (സ്റ്റോറുമായുള്ള അകലം 12 മീ.) | 13.50 |
| 34 | സിമന്റ് ചാക്ക് / പായക്കറ്റ് - 1ന് ഇറക്കി കണ്ടയിനറിൽ അട്ടി വെയ്ക്കുന്നതിന് (സ്റ്റോറുമായുള്ള അകലം 12 മീ.) | 14.38 |
| 35 | മാർബിൾ / ഗ്രാനൈറ്റ് സ്ലാബ് - 1ന് (സൈഡ് കട്ട് ചെയ്യാത്തത്) 25 സ്കവയർ ഫീറ്റ് വരെ - ടൺ ഒന്നിന് | 709.83 |
| 36 | മാർബിൾ / ഗ്രാനൈറ്റ് സ്ലാബ് - 1ന് 50 സ്കവയർ ഫീറ്റ് വരെ - ടൺ ഒന്നിന് | 1070.55 |
| 37 | മാർബിൾ / ഗ്രാനൈറ്റ് സ്ലാബ് - 1ന് 50 സ്കവയർ ഫീറ്റ് മുകളിൽ - ടൺ ഒന്നിന് | 1976.40 |
| 38 | ടൈൽസ് ടൺ ഒന്നിന് | 795.83 |
| 39 | ടൈൽസ് 1'x1' - 1 ബോക്സ് | 10.94 |
| 40 | ടൈൽസ് 1'x2' - 1 ബോക്സ് | 16.88 |

| | | |
|---|---|---|
| 41 | ടൈൽസ് 2'x2' - 1 ബോക്സ് | 27.00 |
| 42 | ടൈൽസ് 2'x4' - 1 ബോക്സ് | 47.25 |
| 43 | ടൈൽസ് 4'x4' - 1 ബോക്സ് | 50.63 |
| 44 | ടൈൽസ് 6'x4' - 1 ബോക്സ്(ഒരെണ്ണം) | 67.50 |
| 45 | ടൈൽസ് 8'x4' - 1 ബോക്സ്(ഒരെണ്ണം) | 84.00 |
| 46 | പേവിംഗ് ബ്ലോക്ക് (വലുത്) | 2.50 |
| 47 | ആസ്ബസ്റ്റോസ് ടൺ 1ന് | 395.28 |
| 48 | ജി. ഐ ഷീറ്റ് ടൺ 1 ന് | 561.60 |
| 49 | മൺ പൈപ്പ് 1 ന് (4x6 ഇഞ്ച്) | 3.92 |
| 50 | ടാർ വീപ്പ- നിറ ഒന്നിന് - കയറ്റു കൂലി | 59.40 |
| 51 | ടാർ വീപ്പ- ഇറക്കി നിവർത്തി വെയ്ക്കുന്നതിന് ഒന്നിന് | 45.90 |
| 52 | വാർക്ക കട്ടിള ഒന്നിന് | 47.25 |
| 53 | വാർക്ക ജനൽ - രണ്ടു പാളി - കമ്പിയോട് കൂടിയത് ഒന്നിന് | 47.25 |
| 54 | വാർക്ക ജനൽ - മൂന്നപാളി " | 44.01 |
| 55 | വാർക്ക ജനൽ - നാലു പാളി " | 70.20 |
| 56 | തടി കട്ടിള 1 എണ്ണം | 47.39 |
| 57 | മൊസൈക്ക് ടൈൽസ് 100 ന് | 106.38 |
| 58 | <u>മരം ഉരുപ്പടി</u>- (1)ഫുൾ ഒരു ലോഡിന്- വലിയ | 3294.00 |
| | 2) ഇടത്തരം ലോറി | 2470.50 |
| | 3) ടെമ്പോ ലോഡ് | 1647.00 |
| | 4) സ്റ്റിയറിംഗ് ആട്ടോ | 1235.25 |
| | 5) പിക്കപ്പ് ആട്ടോ | 699.98 |
| 59 | <u>മരം ഉരുപ്പടി</u>- ഇറക്കി അട്ടി വെയ്ക്കുന്നതിന് ക്യൂബിക്ക് അടിയ്ക്ക് | 12.35 |
| | വലിയ ലോറി (ഫുൾ) | 1235.25 |
| | ഡി.സി.എം. (ഫുൾ) | 782.33 |

| | | |
|---|---|---|
| | മിനിലോറി (ഫുൾ) | 675.00 |
| 60 | റോളിംഗ് ഷട്ടർ- 10 അടി വരെ വീതി ഒന്നിന് | 238.95 |
| 61 | റോളിംഗ് ഷട്ടർ- തുടർന്നുള്ള ഓരോ അടിയും | 29.13 |
| 62 | ഡോർ ഷട്ടർ ഒന്നിന് | 48.20 |

ജില്ലാ ലേബർ ഓഫീസർ
കോട്ടയം

നമ്പർ: സി- 8198/2025

# തൊഴിൽ തർക്കപരിഹാര ഉടമ്പടി

ഹാജരായവർ

I തൊഴിലുടമ പ്രതിനിധികൾ

1. ശ്രീ. കെ.എം.രാധാകൃഷ്ണപിള്ള, പ്രസിഡന്റ്, റസിഡന്റ് അസോസിയേഷൻ അപ്പക്സ് കൗൺസിൽ, കോട്ടയം.
2. ശ്രീ. ഒ.സി. ചാക്കോ, ട്രഷറർ, റസിഡന്റ് അസോസിയേഷൻ അപ്പക്സ് കൗൺസിൽ, കോട്ടയം.
3. ശ്രീ. പി.ഐ.മാണി, സെക്രട്ടറി, കൺസ്യൂമർ ഗൈഡൻസ് ആൻഡ് റിസേർച്ച് സൊസൈറ്റി ഓഫ് ഇൻഡ്യ, കൊല്ലാട്, കോട്ടയം..

II തൊഴിലാളി പ്രതിനിധികൾ

4. ശ്രീ. അജയ് കെ.ആർ., ജനറൽ സെക്രട്ടറി, കോട്ടയം ജില്ല ഹെഡ് ലോഡ് ജനറൽ വർക്കേഴ്സ് അസോസിയേഷൻ (സി.ഐ.റ്റി.യു), കോട്ടയം.
5. ശ്രീ. ആർ.എസ് സതീശൻ, (സി.ഐ.റ്റി.യു), കോട്ടയം.
6. ശ്രീ. എം.ജി. ശേഖരൻ, ജില്ലാ സെക്രട്ടറി, കേരള സ്റ്റേറ്റ് ചുമട്ടു തൊഴിലാളി ഫെഡറേഷൻ (എ.ഐ.റ്റി.യു.സി), സി.പി.ഐ ഓഫീസ് ഈരാട്ടുപേട്ട-1 , കോട്ടയം.
7. ശ്രീ. ഫിലിപ്പ് ജോസഫ്, ഐ.എൻ.റ്റി.യു.സി., കോട്ടയം

## തൊഴിൽ തർക്ക സംഗ്രഹം

കോട്ടയം ജില്ലയിലെ ഗാർഹിക മേഖലയിൽ ചുമട്ടുതൊഴിലാളികളുടെ കൂലി നിരക്ക് ഉടമ്പടിയുടെ കാലാവധി 2025 ഫെബ്രുവരി മാസം 28-ന് അവസാനിച്ചതിനാൽ കൂലി നിരക്കുകൾ അടിയന്തിരമായി പുതുക്കി നിശ്ചയിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബന്ധപ്പെട്ട ട്രേഡ് യൂണിയനുകൾ സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ 18.06.2025, 16.07.2025 എന്നീ തീയതികളിൽ കോട്ടയം ജില്ലാ ലേബർ ഓഫീസർ ഇരുകക്ഷികളുമായി ചർച്ച നടത്തുകയുണ്ടായി. 16.07.2025 തീയതിയിൽ നടന്ന അനുരഞ്ജന ചർച്ചയിൽ തർക്കം താഴെ പറയുന്ന വ്യവസ്ഥകളോടെ ഒത്തുതീർപ്പായിട്ടുള്ളതാണ്.

## ഒത്തുതീർപ്പു വ്യവസ്ഥകൾ

1. മുൻകാലങ്ങളിൽ അവലംബിച്ചുവരുന്ന രീതിയിലും കീഴ്വ ഴക്കത്തിനും അനുസൃതമായി കോട്ടയം ജില്ലയിൽ വീട്ടുപകരണങ്ങൾ, ഓഫീസ് ഉപകരണങ്ങൾ എന്നിവ കയറ്റിറക്ക് നടത്തുന്നിനുള്ള കോട്ടയം ജില്ലാ ലേബർ ഓഫീസർ കൺസീലിയേഷൻ ആഫീസറായി ഉണ്ടാക്കിയ 28.02.2023 -ലെ സി- 1640/2023 നമ്പറായ തൊഴിൽ തർക്കപരിഹാര ഉടമ്പടി പ്രകാരം നിശ്ചയിക്കപ്പെട്ടിട്ടുള്ള കൂലി നിരക്കിൽ നിന്നും 31% വർദ്ധനവ് നൽകുന്നതിന് തീരുമാനിച്ചു. പുതുക്കിയ നിരക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.
2. മേൽ കൂലി നിരക്കിന് 01.07.2025 തീയതി മുതൽ 30.06.2027 വരെ 2 വർഷം പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

3. ഗാർഹിക മേഖലയുമായി ബന്ധപ്പെട്ട സാധനങ്ങൾ വീട്ടുടമയ്ക്ക് സ്വന്തമായോ സ്വന്തം തൊഴിലാളിയെ ഉപയോഗിച്ചോ കയറ്റിറക്ക് നടത്തുന്നതിന് പൂർണ്ണ സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതാണ്.

4. മേൽ കൂലി നിരക്കുകൾ കേരള ചുമട്ടുതൊഴിലാളി ക്ഷേമപദ്ധതിയിൻ കീഴിലുള്ള ചുമട്ടു തൊഴിലാളികളുടെ സേവനം വിനിയോഗിക്കുന്ന പക്ഷം ഗാർഹിക ആവശ്യങ്ങൾക്കുള്ള കൂലി 27% ലെവി അടക്കമുള്ളതും ഓഫീസ് ഉപകരണങ്ങളുടെ കൂലിയിൽ ആയത് ഉൾപ്പെടാത്തതുമാണ്. അതായത് ഓഫീസ് ഉപകരങ്ങൾക്ക് മേൽ കൂലിക്കുപരിയായി 27% ലെവി അധികം നൽകേണ്ടതാണ്.

5. സാധനങ്ങൾ കയറ്റുന്നതിനും ഇറക്കുന്നതിനും ഒരേ കൂലി തന്നെയായിരിക്കും.

6. 15 മീറ്റർ (60 അടി) വരെ ദൂരത്തിൻമേൽ സാധനം എത്തിക്കുന്നതിനാണ് മേൽ നിരക്കുകൾ. കൂടുതലായി വരുന്ന ഓരോ 15 മീറ്റർ ദൂരത്തിനും 20% അധിക കൂലി നൽകേണ്ടതാണ്. ലിഫ്റ്റിന്റെ സഹായമില്ലാതെ മുകൾ നിലയിലേക്ക് സാധനങ്ങൾ എത്തിക്കുന്നതിന് മൂന്നാം നില വരെ 20% ഉം നാലാം നില മുതൽ മുകളിലേക്ക് 35% ഉം അധിക കൂലി നൽകണം.

7. തൊഴിലാളികൾ അംഗീകൃത നിരക്കിൽ കൂടുതൽ കൂലി വാങ്ങുന്നതും ചെയ്യാത്ത ജോലിക്ക് കൂലി വാങ്ങുന്നതും ശിക്ഷാർഹമാണ്.

8. മേൽ കൂലി നിരക്കുകൾ കോട്ടയം ജില്ലയിൽ മുഴുവൻ ബാധകമാണ്.

9. ടി മേഖലയിൽ കൂലി സംബന്ധമായ എന്തെങ്കിലും തർക്കം ഉടലെടുക്കുകയാണെങ്കിൽ ആയത് പരിഹരിക്കുന്നതിലേക്കായി നിർമ്മാണ മേഖലയിൽ നിലവിലുള്ള മാതൃകയിൽ ഒരു തർക്ക പരിഹാര സമിതി രൂപീകരിക്കുന്നതാണ്.

10. മേൽ തീരുമാനങ്ങൾ ഇരു കക്ഷികളും അംഗീകരിച്ച് താഴെ ഒപ്പിട്ട് തർക്കം രമ്യമായി പരിഹരിച്ചു.

ഇന്നേ ദിവസം 2025 ജൂലൈ മാസം 16-ാം തീയതി.

<u>കക്ഷികളുടെ ഒപ്പ്:</u>

**1 മുതൽ 7 വരെ കക്ഷികൾ ഒപ്പ്**

(ഒപ്പ്)
**മിനോയി ജയിംസ്**
**ജില്ലാ ലേബർ ഓഫീസർ, കോട്ടയം**
**(കേരള ചുമട്ടുതൊഴിലാളി നിയമം-1978 പ്രകാരമുള്ള കൺസിലിയേഷൻ ഓഫീസർ)**

// ശരിപ്പകർപ്പ് //

**ജില്ലാ ലേബർ ഓഫീസർ,**
**കോട്ടയം**

| | കൂലി നിരക്കുകൾ | |
|---|---|---|
| നം | ഇനം | പുതുക്കിയ നിരക്ക് |
| 1 | സ്റ്റീൽ അലമാര (വലുത്) | 153 |
| 2 | സ്റ്റീൽ അലമാര (ചെറുത്) | 123 |
| 3 | തടി അലമാര (വലുത് | 186 |
| 4 | തടി അലമാര (ചെറുത്) | 153 |
| 5 | എക്സിക്യൂട്ടീവ് മേശ (വലുത്) | 186 |
| 6 | എക്സിക്യൂട്ടീവ് മേശ (ചെറുത്) | 123 |
| 7 | ടൈപ്പിസ്റ്റ് മേശ | 123 |
| 8 | കോൺഫറൻസ് ടേബിൾ | 307 |
| 9 | സ്റ്റീൽ മേശ | 123 |
| 10 | തടി മേശ | 123 |
| 11 | എക്സിക്യൂട്ടീവ് ചെയർ | 49 |
| 12 | സ്റ്റീൽ കസേര (കയ്യുള്ളത്) | 16 |
| 13 | സ്റ്റീൽ കസേര (കയ്യില്ലാത്തത്) | 14 |
| 14 | തടി കസേര (കയ്യുള്ളത്) | 16 |
| 15 | തടി കസേര (കയ്യില്ലാത്തത്) | 14 |
| 16 | പ്ലാസ്റ്റിക് കസേര (കയ്യുള്ളത്) | 5 |
| 17 | പ്ലാസ്റ്റിക് കസേര (കയ്യില്ലാത്തത്) | 3 |
| 18 | സ്റ്റീൽ റാക്ക് (ചെറുത്) | 93 |
| 19 | സ്റ്റീൽ റാക്ക് (വലുത്) | 123 |
| 20 | തടി റാക്ക് (ചെറുത്) | 93 |
| 21 | തടി റാക്ക് (വലുത്) | 153 |
| 22 | ബഞ്ച് | 16 |
| 23 | ഡസ്ക് | 49 |
| 24 | ടി. വി. സ്റ്റാൻഡ് (ചെറുത്) | 58 |
| 25 | ടി. വി. സ്റ്റാൻഡ് (വലുത്) | 81 |
| 26 | ഡൈനിംഗ് ടേബിൾ ചെറുത് (നാലുപേർക്ക്) | 153 |
| 27 | ഡൈനിംഗ് ടേബിൾ മീഡിയം(ആറുപേർക്ക്) | 186 |

| | | |
|---|---|---|
| 28 | ഡൈനിംഗ് ടേബിൾ വലുത (എട്ടുപേർക്ക്) | 233 |
| 29 | സ്റ്റൂൾ - തടി | 16 |
| 30 | സ്റ്റൂൾ - പ്ലാസ്റ്റിക് | 3 |
| 31 | ടീപോയ് (ചെറുത്) | 15 |
| 32 | ടീപോയ് (വലുത്) | 33 |
| 33 | ഫ്രിഡ്ജ് (സ്റ്റബിലൈസർ സ്റ്റാൻഡ് ഉൾപ്പെടെ) ചെറുത് 150 ലിറ്റർ | 186 |
| 34 | ഫ്രിഡ്ജ് (സ്റ്റബിലൈസർ സ്റ്റാൻഡ് ഉൾപ്പെടെ) വലുത് 175 ലിറ്റർ | 209 |
| 35 | ഫ്രിഡ്ജ് (സ്റ്റബിലൈസർ സ്റ്റാൻഡ് ഉൾപ്പെടെ) വലുത് 250-300 ലിറ്റർ | 244 |
| 36 | ടി.വി. (ഓർഡിനറി) | 77 |
| 37 | ടി.വി. (എൽ.സി.ഡി) 14-24 ഇഞ്ച് | 47 |
| 38 | ടി.വി. (എൽ.സി.ഡി) 24-32 ഇഞ്ച് | 74 |
| 39 | ടി.വി. (എൽ.സി.ഡി) 32" മുകളിൽ | 105 |
| 40 | സ്റ്റാന്റ് | 16 |
| 41 | വാഷിംഗ് മെഷീൻ (5 കി. ഗ്രാം വരെ) | 140 |
| 42 | വാഷിംഗ് മെഷീൻ (5 കി. ഗ്രാം മുകളിൽ) | 186 |
| 43 | ഗ്രൈന്റർ (ടേബിൾ ടോപ്പ്) | 49 |
| 44 | ഗ്രൈന്റർ 5 ലിറ്റർ വരെ | 81 |
| 45 | ഗ്രൈന്റർ 5 ലിറ്റർ- 10 ലിറ്റർ വരെ | 174 |
| 46 | ഗ്രൈന്റർ 10 ലിറ്റർ മുകളിൽ | 233 |
| 47 | കമ്പ്യൂട്ടർ | 35 |
| 48 | ടൈപ്പ് റൈറ്റർ | 33 |
| 49 | യു.പി.എസ്. (ചെറുത്) | 60 |
| 50 | യു.പി.എസ്. (വലുത്) | 123 |
| 51 | ഫോട്ടോ കോപ്പി മെഷീൻ (ചെറുത്) സ്റ്റാന്റ് ഇല്ലാതെ | 93 |
| 52 | ഫോട്ടോ കോപ്പി മെഷീൻ (ചെറുത്) സ്റ്റാന്റോടു കൂടി | 186 |
| 53 | ഡ്യൂപ്ലിക്കേറ്റിംഗ് മെഷീൻ | 58 |
| 54 | ഫാക്സ് മെഷീൻ | 35 |
| 55 | ചാക്ക് കെട്ടുകൾ (വീട്ടുപകരണങ്ങൾ / ബോക്സ് /ഫയൽ അടങ്ങുന്നവ 50 കി. വരെ) | 40 |
| 56 | ചാക്ക് കെട്ടുകൾ (വീട്ടുപകരണങ്ങൾ/ ബോക്സ് /ഫയൽ അടങ്ങുന്നവ 50 കി. മുകളിൽ) | 58 |

| | | |
|---|---|---|
| 57 | എയർ കണ്ടീഷണർ വിൻഡോ | 246 |
| 58 | എയർ കണ്ടീഷണർ സ്ലിറ്റ് | 186 |
| 59 | സോഫാ സെറ്റ് (വലുത്) 3+2 സീറ്റ് | 186 |
| 60 | സോഫാ സെറ്റ് (മീഡിയം) 2 സീറ്റ് | 105 |
| 61 | സോഫാ സെറ്റ് (സിംഗിൾ) | 47 |
| 62 | ബുക്ക് ഷെൽഫ് (വലുത്) | 153 |
| 63 | ബുക്ക് ഷെൽഫ് (ചെറുത്) | 107 |
| 64 | ടേബിൾ ഫാൻ | 16 |
| 65 | സീലിംഗ് ഫാൻ | 16 |
| 66 | കട്ടിൽ (സിംഗിൾ) | 60 |
| 67 | കട്ടിൽ (ഡബിൾ) | 93 |
| 68 | ഫാമിലി കോട്ട് | 123 |
| 69 | മെത്ത (1എണ്ണം) | 33 |
| 70 | ബാറ്ററി (ചെറുത്) | 16 |
| 71 | ബാറ്ററി (വലുത്) | 33 |
| 72 | തയ്യൽ മെഷീൻ | 60 |
| 73 | പെട്ടി (തടി, സ്റ്റീൽ) | 16 |
| 74 | നോട്ടീസ് ബോർഡ് (വലുത്) | 49 |
| 75 | നോട്ടീസ് ബോർഡ് (ചെറുത്) | 33 |
| 76 | സൈക്കിൾ | 35 |
| 77 | ബോഡി എക്സർസൈസർ, ട്രഡ്മിൽ, സൈക്കിൾ മുതലായവ മെഷീൻ 1ന് 50. കി.ഗ്രാം വരെ | 123 |
| 78 | ബോഡി എക്സർസൈസർ, ട്രഡ്മിൽ, സൈക്കിൾ മുതലായവ മെഷീൻ 1ന് 50. കി.ഗ്രാം - 100 കിഗ്രാം വരെ | 246 |

ജില്ലാ ലേബർ ഓഫീസർ, കോട്ടയം
(കേരള ചുമട്ടുതൊഴിലാളി നിയമം
1978 പ്രകാരമുള്ള കൺസിലിയേഷൻ ഓഫീസർ)

ജില്ലാ ലേബർ ഓഫീസറുടെ കാര്യാലയം
കോട്ടയം